പോലീസ് കംപ്ലയിന്റ് അതോറിറ്റി

211 (215) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിനായി ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും എല്ലാതരത്തിലുമുള്ള നടപടി ദുഷ്പ്രവൃത്തിയെപ്പറ്റിയുള്ള പരാതികൾ, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ, ഏതെങ്കിലും ആളുകളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ, ബലാൽസംഗം എന്നിവ സംബന്ധിച്ചും ഗുരുതര സ്വഭാവത്തിലുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയുമാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചുമതല. പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവി വരെയുമുള്ള ഉദ്യോഗസ്ഥർക്കെതിരെയുമുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയുമാണ് ജില്ലാ പോലിസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ ചുമതല.

(സി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജീവനക്കാർ, ടെലഫോൺ കണക്ഷൻ, ചെയർപേഴ്സൺമാരുടെ ഉപയോഗത്തിനായി ഔദ്യോഗിക വാഹനം, കെട്ടിടം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കംപ്ലയിന്റ്സ് അതോറിറ്റികൾ അതിന്റെ നിയമപരമായ ചുമതലകളും കർത്തവ്യങ്ങളും തൃപ്തികരമായി നിർവ്വഹിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly